വിതരണം നടത്തിവരുന്നു. 0.9 എം. എൽ. ഡി. സ്ലോ സാൻഡ് ഫിൽറ്റർ പ്ലാന്റ് പണിയുന്നതിന് ലഭിച്ച സ്ഥലത്തിന്റെ കുറവുമൂലം തൽസമയത്ത് പണി നടത്തുവാൻ സാധിച്ചില്ല. ഈ വർക്കിനായി മൂന്നു തവണ ടെണ്ടർ വിളിച്ചുവെങ്കിലും കോട്ട് ചെയ്ത റേറ്റുകൾ കൂടുതലായതിനാൽ ചീഫ് എഞ്ചിനീയറുടെ (നോർത്തേൺ റീജിയൺ) നിർദ്ദേശ പ്രകാരം നെഗോഷിയേറ്റഡ് ടെണ്ടർ വിളിയ്ക്കുകയും മാനേജിംഗ് ഡയറക്ടർ 28-8-2001-ൽ അംഗീകാരം നൽകുകയും ഉണ്ടായി. പ്ലാന്റിന്റെ പണി 2/2003-ൽ ആരംഭിയ്ക്കുകയും 65%ത്തോളം പണി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി പണികൾ ദ്രുതഗതിയിൽ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

മൂന്നാംകടവ് ജലസേചന പദ്ധതി

71 (963) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ ഒരു ജലസേചന പദ്ധതിപോലും നിലവില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മൂന്നാംകടവ് ജലസേചന പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(സി) എങ്കിൽ, മേൽ പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഈ സാമ്പത്തിക വർഷം ഇൻവെസ്റ്റിഗേഷനുവേണ്ടി 45 ലക്ഷം രൂപ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തികൊണ്ട് വിശദമായ സർവ്വേകളും മറ്റു പ്രവർത്തനങ്ങളും നിർവ്വഹിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

ചാലിയാർ ജലസേചന പദ്ധതിയ്ക്ക് റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കാൻ നടപടി

72 (964) ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കിയ ചാലിയാർ ജലസേചന പദ്ധതിയ്ക്ക് വനം വകുപ്പിന്റെ തടസ്സം ഉള്ളതിനാൽ പോത്ത്കല്ല് മുതൽ ചാലിയാർ പുഴയ്ക്ക് നാലോ അഞ്ചോ റഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly